**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 411** **23-07-2021 - ൽ മറുപടിയ്ക്ക്**

**മരംമുറി ഉത്തരവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദീൻ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവാദമായ മരംമുറി ഉത്തരവ് വനംവകുപ്പുമായി കൂടിയാലോചിക്കാതെ റവന്യൂ വകുപ്പ് ഏകപക്ഷീയമായി പുറപ്പെടുവിച്ചതാണെന്ന് വനംവകുപ്പ് കരുതുന്നുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | പട്ടയഭൂമിയിലെ നട്ടുവളർത്തിയ മരങ്ങൾ മുറിച്ച് മാറ്റുന്നത് സംബന്ധിച്ച് ചട്ടങ്ങളിൽ മാറ്റം വരുത്തുന്നതിന് ബഹു. റവന്യൂ വകുപ്പ മന്ത്രിയും, ബഹു. വനം വകുപ്പ് മന്ത്രിയും ചർച്ചകൾ നടത്തിയിരുന്നു. ടി യോഗങ്ങളിൽ വനം വകുപ്പിന്റെ കൃത്യമായ നിലപാട് അറിയിച്ചിട്ടുള്ളതാണ്. |
| (ബി) | വനഭൂമിയിലെ മരങ്ങൾ മുറിച്ചു മാറ്റുവാൻ പ്രസ്തുത ഉത്തരവ് സഹായിച്ചിട്ടുണ്ടോയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | വനഭൂമിയിലെ മരങ്ങൾ മുറിച്ച് മാറ്റുന്നതിന് ടി ഉത്തരവ് കാരണമായിട്ടില്ലാത്തതാണ്. |
| (സി) | പ്രസ്തുത വിഷയത്തിൽ ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെയാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്നും കൂടുതൽ ഉന്നത ഉദ്യോഗസ്ഥർ ഇതിലുൾപ്പെട്ടിട്ടുണ്ടോയെന്നും പരിശോധിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | ഈ ഉത്തരവ് ദുർവ്യാഖ്യാനം ചെയ്ത് വ്യാപകമായി പട്ടയഭൂമിയിൽ നിന്ന് മരങ്ങൾ മുറിച്ചിട്ടുള്ളതായി പ്രാഥമിക അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് വയനാട് ലക്കിടി ചെക്ക്പോസ്റ്റിലെ രണ്ട് ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്ന് മാറ്റി നിർത്തിയിട്ടുണ്ട്. കൂടുതൽ ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് അന്വേഷണം നടത്തി വരികയാണ്. |

സെക്ഷൻ ഓഫീസർ